**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **126**

**03.02.2020 ൽ**
**മറുപടിയ്ക്ക്**

## പുതിയ പോലീസ് സ്റ്റേഷനുകൾ

<u>ചോദ്യം</u>

ശ്രീ. ആർ. രാമചന്ദ്രൻ

<u>മറുപടി</u>

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) 2019 ഏപ്രിൽ മാസത്തിനുശേഷം ഏതെല്ലാം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വിശദീകരിക്കുമോ;

(എ) യും (ബി) യും 2019-2020 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. സ.ഉ (കൈ) നം.175/2019/ ആഭ്യന്തരം തീയതി 05.11.2019 ലെ ഉത്തരവ് പ്രകാരം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ വനിത പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കേസുകളുടെ ബാഹുല്യവും സേവനമേഖലയുടെ വലിപ്പവും പരിഗണിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിലുള്ള പ്രദേശം വിഭജിച്ച് തഴവ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കൊല്ലം സിറ്റി പോലീസ് കമ്മീഷണറിൽ നിന്നും റിപ്പോർട്ടുകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

(സി) യും (ഡി) യും തഴവയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ സർക്കാർ പരിശോധിക്കുകയും തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് സംസ്ഥാന പോലീസ് മേധാവിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ